3. ശ്രീ. സുബ്രതോബിശ്വാസ്	പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്.
4. ഡോ. രാജൻ ഖോബ്രാഗഡെ	സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
5. ഡോ. അമിത് മല്ലിക്	ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ടൈഗർ), കോട്ടയം
6. ശ്രീ. സഞ്ജയൻ കുമാർ	ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ടൈഗർ റിസർച്ച്
7. ശ്രീ. അജിത് പാട്ടീൽ	ജില്ലാ കളക്ടർ, ഇടുക്കി
8. ശ്രീ. എം. റ്റി. തോമസ്	ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഇടുക്കി.
9. ശ്രീ. എൽദോസ് കുന്നപ്പള്ളി	ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, എറണാകുളം

പദ്ധതി നടപ്പാക്കാൻ സഹായിക്കുന്ന, ഐക്യരാഷ്ട്ര സഭയുടെ ഘടക സംഘടനയായ, യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം ആണ് ഈ സന്ദർശനത്തിന്റെ ചെലവ് വഹിച്ചത്.

മുല്ലപ്പെരിയാർ സംഭരണശേഷി വർദ്ധനവ്

306 (2181) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സംഭരണശേഷി 142 അടിയായി ഉയർത്തിയ തിനെതിരെ സംസ്ഥാന വനം വകുപ്പ് ദേശീയഹരിത ട്രൈബ്യൂണലിനെ സമീപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) മുല്ലപ്പെരിയാറിന്റെ സംഭരണശേഷി 142 അടിയായി ഉയർത്തിയതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും, വനം-വന്യജീവി സമ്പത്തിനുണ്ടാകുന്ന നാശനഷ്ടങ്ങളെ സംബന്ധിച്ചും പ്രാഥമിക പഠനങ്ങൾ നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അപകടമേഖല പരിധിയിൽ ശബരിമല ഉൾപ്പെടുന്ന പത്തനംതിട്ട ജില്ല ഉൾപ്പെടുന്നുണ്ടോ ; ഉണ്ടെങ്കിൽ ഈ വിഷയവും ഹരിത ട്രൈബ്യൂണലിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്.

(സി) കേരളത്തിന്റെ ജലവിഭവ വകുപ്പ്, ഡോ. ധ്രുബജ്യോതി ഘോഷ്, റീജിയണൽ വൈസ് ചെയർമാൻ (സൗത്ത് ഏഷ്യ) കമ്മീഷൻ ഓൺ ഇക്കോ സിസ്റ്റം മാനേജ്മെന്റ്, IUCN (International Union For Conservation of Nature) ചെയർമാനായി രൂപീകരിച്ച 3 അംഗനാഷണൽ എക്സ്പെർട്ട് കമ്മിറ്റിയുടെ മേയ് 2007-ലെ റിപ്പോർട്ടിൽ (An Assessment of the Ecological Impact of Water Level Increase at Mullapperiyar Dam) മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് ഉയരുന്നത് വനമേഖലയിലെ ജൈവ ആവാസവ്യവസ്ഥയെ ബാധിക്കുന്നതെങ്ങനെ എന്ന് പ്രതിപാദിച്ചിരിക്കുന്നു. കൂടാതെ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2000-ലെ "Enviornmental and Social Impact Assessment of Increasing the Water Level At Periyar Lake in Periyar Tiger Reserve" എന്ന റിപ്പോർട്ടിലും ഇത് സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ട്. മുഖ്യ വനപാലകൻ ആയിരുന്ന ശ്രീ.വി. ഗോപിനാഥന്റെ നേതൃത്വത്തിൽ 2014 നവംബർ മാസത്തിൽ നടത്തിയ പഠനത്തിലെ കണ്ടെത്തലുകൾ അനുബന്ധമായി ചേർക്കുന്നു.

(ഡി) ഇല്ല. എന്നിരുന്നാലും തടാകതീരത്തെ വന പ്രദേശങ്ങൾ വെള്ളത്തിനടിയിലായതുമൂലം പരമ്പരാഗത സഞ്ചാരപഥങ്ങൾ നഷ്ടപ്പെട്ടുന്ന വന്യജീവികൾ ശബരിമല ഉൾപ്പെടെയുള്ള വനഭാഗങ്ങളിലേയ്ക്ക് നീങ്ങുന്നത് ശബരിമല ഭാഗങ്ങളിൽ തീർത്ഥാടകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനുള്ള സാധ്യതയുണ്ട്. ഇക്കാര്യവും ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

വന്യജീവികളിൽ നിന്നുള്ള ആക്രമണങ്ങൾ

307 (2182) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനാതിർത്തിയോട് ചേർന്ന് ജീവിക്കുന്ന മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും വന്യജീവികളിൽ നിന്നുണ്ടാകുന്ന ആക്രമണങ്ങളാൽ അപകടങ്ങളുണ്ടാകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വന്യജീവികളിൽ നിന്നുള്ള ആക്രമണങ്ങളിൽ ജീവനും സ്വത്തിനും നാശനഷ്ടം നേരിടുന്നവർക്ക് നിലവിൽ എന്തെല്ലാം നഷ്ടപരിഹാരം നൽകുന്നുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.